"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - 2016-21 കാലയളവിൽ അച്ചടി വകുപ്പിന്റെ ഗസറ്റ് വിജ്ഞാപനങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയ വകയിൽ - സി ഡിറ്റിന് നൽകാനുണ്ടായിരുന്ന കുടിശ്ശികതുക അനുവദിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.137/2025/PPAD    തീയതി,തിരുവനന്തപുരം, 29-12-2025

---

പരാമർശം:-

1. 30.05.2007 ലെ 14192/എച്ച്3/07/ഉ.വി.വ നമ്പർ കത്ത്
2. 31/10/2019ലെ സ.ഉ(സാധാ)നം. 1953/2019/ഉ.വി.വ നമ്പർ ഉത്തരവ്
3. 01/02/2021ലെ സ.ഉ(സാധാ)നം. 172/2021/ഉ.വി.വ നമ്പർ ഉത്തരവ്
4. അച്ചടി വകുപ്പ് ഡയറക്ടറുടെ 09.02.2023, 17.03.2023, 13.11.2023, 19.03.2024, 30.01.2025, 25.04.2025 തീയതികളിലെ 7953/2015/ജി3 നമ്പർ കത്തുകൾ

2. സി-ഡിറ്റിന്റെ 02.02.2024 തീയതിയിലെ L-84/C-DIT/WSD/2022-23 നമ്പർ കത്ത്

3. സി-ഡിറ്റിന്റെ 18.06.2025 തീയതിയിലെ L-27/C-DIT/WSD/2025-26 നമ്പർ കത്ത്

4. അച്ചടി വകുപ്പ് ഡയറക്ടറുടെ 28.07.2025 തീയതിയിലെ PTGD/610/25-ജി7 അർദ്ധ ഔദ്യോഗിക കത്തും 14.11.2025 തീയതിയിലെ കത്തും.

**<u>ഉത്തരവ്</u>**

കേരള ഗസറ്റ് പ്രസിദ്ധികരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ അതേപടി നിലനിർത്തികൊണ്ട് പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായ രീതിയിൽ കേരള ഗസറ്റ് , സർക്കാർ വെബ് സൈറ്റിലും കൂടി പ്രസിദ്ധികരിക്കുന്നതിനുള്ള നടപടികൾ സീകരിക്കുന്നതിന് ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക് 2007 ൽ നിർദ്ദേശം നൽകിയിരുന്നു. ഓൺലൈനായി ഗസറ്റ് വിജ്ഞാപനങ്ങൾ compose.kerala.gov.in എന്ന പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നത് വരെ ഗസറ്റ് upload ചെയ്തിരുന്നത് സി-ഡിറ്റ് മുഖേന ആയിരുന്നു. ടി ഇനത്തിൽ 2011 മുതൽ 2016 വരെയുള്ള

തുക പരാമർശം (2) , (3) ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുണ്ടെന്നും 2016-2021 കാലയളവിൽ തുക അനുവദിക്കുന്നതിന് ഭരണാനുമതിയും ഫണ്ടും ലഭ്യമായിരുന്നില്ലെന്നും കുടിശ്ശിക തുക അനുവദിക്കാത്തതിനാൽ അച്ചടി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ printing.kerala.gov.in സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് പരിഷ്ക്കരിക്കുന്നതിനോ സെക്യൂരിറ്റി ഓഡിറ്റ് നടത്തുന്നതിനോ സാധിച്ചിട്ടില്ലെന്നും ആയതിനാൽ 2016-21 കാലയളവിൽ കുടിശ്ശികയായി സി-ഡിറ്റിന് അനുവദിക്കാനുള്ള 20,54,792/-രൂപ (ഇരുപത് ലക്ഷത്തി അൻപത്തിനാലായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) അനുവദിക്കുന്നതിന് അച്ചടി വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2016-21 കാലയളവിൽ കുടിശ്ശികയായി സി-ഡിറ്റിന് അനുവദിക്കാനുള്ള 20,54,792/- (ഇരുപത് ലക്ഷത്തി അൻപത്തിനാലായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) രൂപയിൽ '2058-00-103-99-34(3) other charges NV' എന്ന ശീർഷകത്തിൽ നിലവിൽ ശേഷിക്കുന്ന തുകയായ 10,30,800/-രൂപ (പത്ത് ലക്ഷത്തി മുപ്പതിനായിരത്തി എണ്ണൂറ് രൂപ മാത്രം) അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3. ബാക്കി തുക 10,23,992/-രൂപ( പത്ത് ലക്ഷത്തി ഇരുപത്തിമൂവായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) അനുവദിക്കുന്നതിനായി അധിക ധനാനുമതിക്കുള്ള (Additional Authorization) പ്രപ്പോസൽ അച്ചടിവകുപ്പ് ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജികുമാർ ആർ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം.
2. സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്) ചിത്രഞ്ജലി ഹിൽസ്, തിരുവല്ലം പി.ഒ., തിരുവനന്തപുരം-695027
3.. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
5. ധനകാര്യ വകുപ്പ്
6. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
6. ഇൻമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി. ആർ. ഡി
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 29-12-2025 13:22:02

സെക്ഷൻ ഓഫീസർ